പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2807 **28-10-2026-ൽ മറുപടിയ്ക്ക്**

കടലിൽ കാണാതായവരെ കണ്ടെത്താൻ കേന്ദ്രസഹായം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. മമ്മിക്കുട്ടി ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) വിഴിഞ്ഞത്ത് കടലിൽ കാണാതായ ജോണിന്റെ കുടുംബത്തിനെതിരെ ഉണ്ടായ സൈബർ ആക്രമണത്തിൽ മത്സ്യബന്ധന വകുപ്പ് എന്ത് നടപടിയാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ;

മറുപടി: മത്സ്യബന്ധനത്തിനിടെ വിഴിഞ്ഞത്ത് കടലിൽ കാണാതായ പൂല്ലുവിള സ്വദേശിയായ ശ്രീ ജോൺ മത്യാസിന്റെ കുടുംബത്തിനെതിരെ സൈബർ ആക്രമണം ഉണ്ടായതായി റിപ്പോർട്ട് ഒന്നും ലഭിച്ചിട്ടില്ല.

(ബി) മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപ്പെട്ട് കാണാതായവരെ കണ്ടെത്താൻ സംസ്ഥാന സർക്കാർ കേന്ദ്രസഹായം തേടിയിരുന്നോ; വിശദമാക്കാമോ;

മറുപടി: മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപ്പെട്ട് കാണാതായവരെ കണ്ടെത്താൻ സംസ്ഥാന സർക്കാർ കേന്ദ്ര സഹായം തേടിയിരുന്നു. 31-07-2026 തീയതിയിൽ കടൽക്ഷോഭവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളെ കടലിൽ കാണാതായതിനെ തുടർന്ന് നാവികസേനയുടെ സേവനം ജില്ലാകളക്ടർ മുഖാന്തിരം ലഭ്യമാക്കുകയും ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ അനഘ്, അഗ്നിവേഷ്, സി. ജി. 427, സി. ജി. 421, സി. ജി. 441 എന്നീ കപ്പലുകളിൽ വിവിധ ഭാഗങ്ങളിൽ തെരച്ചിൽ നടത്തുകയും ചെയ്തിരുന്നു. ഡോണിയർ എയർ ക്രാഫ്റ്റും തെരച്ചിലിനായി ഉണ്ടായിരുന്നു. ഹെലികോപ്റ്റർ സഹായം നേവിയുടെ മുങ്ങൽ വിദഗ്ദരുടെ സേവനം എന്നിവ ഉപയോഗപ്പെടുത്തിയിരുന്നു.

വിഴിഞ്ഞത്തും, മുതലപ്പൊഴിയിലുമായി കാണാതായ ശ്രീ. ജോൺ മത്യാസ്, ശ്രീ ഷിജിൻ എന്നിവരെ കണ്ടെത്തുന്നതിനായി 31-07-2026 മുതൽ 22-08-2026 വരെ ഫിഷറീസ് വകുപ്പിന്റെ റെസ്ക്യൂ ബോട്ട്, മറൈൻ ആംബുലൻസ്, കോസ്റ്റ് ഗാർഡ് കപ്പൽ, ഡോണിയർ വിമാനം, സ്കൂബാ ഡൈവേഴ്സ് എന്നിവ ഉപയോഗിച്ച് 1044.4 മണിക്കൂർ തെരച്ചിൽ നടത്തിയിരുന്നു. റെസ്ക്യൂ ബോട്ട് 567.75 മണിക്കൂറും, മറൈൻ ആംബുലൻസ് 99.2 മണിക്കൂറും, കോസ്റ്റൽ പോലീസ് 135.9 മണിക്കൂറും, കോസ്റ്റ് ഗാർഡ് 234.55 മണിക്കൂറും, സ്കൂബാ ഡൈവേഴ്സ് 7.00 മണിക്കൂറും തെരച്ചിൽ നടത്തിയിട്ടുണ്ട്.

(സി) വിഴിഞ്ഞത്ത് കടലിൽ കാണാതായവരെ എത്രദിവസം കഴിഞ്ഞാണ് കണ്ടെത്താൻ കഴിഞ്ഞതെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> കടൽക്ഷോഭവുമായി ബന്ധപ്പെട്ട് 31-07-2026 ന് മത്സ്യബന്ധനത്തിനിടെ കടലിൽ കാണാതായ ശ്രീ ആന്റണി ബഞ്ചമിൻ എന്നയാളുടെ മൃതദേഹം 02-08-2026 ന് ലഭിച്ചു. ശ്രീ ജോൺ മത്യാസിനെ ഇതുവരെയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

സെക്ഷൻ ഓഫീസർ